യോ ന: സപത്നൈർഭൃശമർദ്യമാനാൻ ദേവർഷിതിര്യങ്നൃഷു നിത്യ ഏവ
കൃതാവതാരസ്തനുഭി: സ്വമായയാ കൃത്വff ത്മസാത് പാതി യുഗേ യുഗേ ച (6-9-26)

ശുകമുനി തുടർന്നു: വിശ്വരൂപന് മൂന്നു തലകളും വായകളും ഉണ്ടായിരുന്നു. ഒരു വായിൽ കൂടി ദേവന്മാരെപ്പോലെ സോമരസവും, രണ്ടാമത്തേതിലൂടെ മനുഷ്യരെപ്പോലെ ഭക്ഷണസാധനങ്ങളും, മൂന്നാമത്തെ വായിലൂടെ മദ്യവും വിശ്വരൂപൻ യഥേഷ്ടം കഴിച്ചു. ദേവതാപ്രീതിക്കെന്ന മട്ടിൽ യാഗകർമ്മങ്ങൾ നടത്തുമ്പോൾ വിശ്വരൂപൻ രഹസ്യമായി യാഗഭാഗം അസുരന്മാർക്കു വേണ്ടി നീക്കിവെച്ചു. ഈ ചതി മനസ്സിലാക്കിയ ഇന്ദ്രൻ വിശ്വരൂപൻെറ തലകൾ അറുത്തു കളഞ്ഞു. വിശ്വരൂപൻ ബ്രാഹ്മണനായിരുന്നതുകൊണ്ട് ബ്രഹ്മഹത്യാപാപം ഇന്ദ്രനു സഹിക്കേണ്ടി വന്നു. ഒരു കൊല്ലത്തിനു ശേഷം ഇന്ദ്രൻ ഈ പാപത്തെ നാലായി പകുത്ത് ഭൂമിക്കും, ജലത്തിനും, വൃക്ഷത്തിനും സ്ത്രീക്കുമായി നൽകി. ഭൂമിയുടെ ഭാഗം മരുഭൂവിൽ കാണായി. പക്ഷെ അതിനു പകരമായി ഇന്ദ്രൻ ഒരു വരം നൽകി. ഭൂമിയിൽ ഉണ്ടാക്കുന്ന കുഴികൾ താമസംവിനാ നിറയപ്പെടുന്നു. ജലത്തിൽ പാപാംശം കുമിളകളും നുരകളുമായി കാണപ്പെടുന്നു. എന്നാൽ വരമായി ഉറവറ്റാത്ത നീർച്ചോലകൾ നൽകി. വൃക്ഷങ്ങളിൽ പാപം അവയിൽനിന്നുതിർക്കുന്ന പശയായി കാണപ്പെടുന്നു. എന്നാൽ മുറിക്കപ്പെട്ട ശാഖകൾ വീണ്ടും തളിർത്തു വരുന്നുവല്ലോ. സ്ത്രീകളിൽ പാപാംശം ആർത്തവമായി കാണുന്നു. വരമായി തുടർച്ചയായ ലൈംഗികാവേശം ഇന്ദ്രൻ അവൾക്കു നൽകി.

വിശ്വരൂപൻെറ അഛൻ ത്വഷ്ടാവ് ഇന്ദ്രൻെറ അക്രമത്തെപ്പറ്റിയറിഞ്ഞ് ക്രുദ്ധനായി. ഇന്ദ്രനെതിരായി ഒരു ശത്രുവിനെ സൃഷ്ടിക്കാൻ അദ്ദേഹം വിചിത്രമായ യാഗകർമ്മത്തിലേർപ്പെട്ടു. തൽഫലമായി അതിഭീകരനായ ഒരു രാക്ഷസൻ ഉണ്ടായി. അവൻെറ നിഴലിൻെറ ഇരുട്ടിൽ മൂന്നു ലോകങ്ങളും മുങ്ങി. വൃത്രൻ എന്ന് അവനറിയപ്പെട്ടു. ഭീമാകാരനായി വളർന്ന അവൻ എല്ലായിടത്തും അസ്വസ്ഥത വിതറി. ദേവന്മാർ തങ്ങളുടെ ശക്തി മുഴുവനുപയോഗിച്ച് അതിശക്തമായ ആയുധങ്ങൾ അവനു നേരെ പ്രയോഗിച്ചുവെങ്കിലും വൃത്രൻ അതെല്ലാം ക്ഷണനേരം കൊണ്ട് വിഴുങ്ങികളഞ്ഞു. വൃത്രനിൽ നിന്ന് പരാജിതരായി ദേവഗണം ഭഗവാൻ നാരായണനെ വീണ്ടും അഭയം പ്രാപിച്ചു.

എല്ലാ ജീവികൾക്കും മരണഭയമുണ്ട്. എന്നാൽ മരണദേവന് ഭയമുള്ളത് ഭഗവാനോട് മാത്രമാണ്. അങ്ങിനെയുള്ള ഭഗവാൻ ഞങ്ങളെ രക്ഷിക്കട്ടെ. മത്സ്യാവതാരമെടുത്ത് ഭൂമിയെ രക്ഷിച്ച ഭഗവാൻ വൃത്രാസുരനിൽനിന്നും ഞങ്ങളെ രക്ഷിക്കും. പ്രളയജലത്തിലാണ്ടു പോവാതെ സൃഷ്ടികർത്താവായ ബ്രാഹ്മാവിനെ താങ്ങി നിർത്തിയ ആ മഹിമ ഞങ്ങളെയും രക്ഷിക്കട്ടെ. അവിടുത്തെ മഹിമയാൽ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ഈ വിശ്വത്തെ ഞങ്ങൾ ദേവതകൾ സൃഷ്ടിക്കുന്നതും ഇഛയാലത്രേ. അന്തര്യാമിയും നിത്യനുമായ അവിടുന്ന് സ്വമായയാൽ കാലാകാലങ്ങളിൽ ദേവന്മാരായും മാമുനിമാരായും മൃഗങ്ങളായും മനുഷ്യരായും അവതരിക്കുന്നു. അങ്ങിനെയുള്ള ഭഗവാൻ ഞങ്ങളെ സ്വന്തം ആത്മാവിൻെറ ഭാഗമായി നിനച്ചു സംരക്ഷിക്കട്ടെ.

ഭഗവാൻ ദേവന്മാർക്ക് മുന്നിൽ ദേവഗണങ്ങളുമായി പ്രത്യക്ഷപ്പെട്ടു. ഭക്തിപാരവശ്യത്താൽ ദേവന്മാർ ഭഗവാനു മുന്നിൽ സാഷ്ടാംഗം പ്രണമിച്ച് വീണ്ടും ഇങ്ങിനെ പ്രാർത്ഥിച്ചു.